©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2020 ഒക്ടോബർ 23<br>23rd October 2020<br>1196 തുലാം 7<br>7th Thulam 1196<br>1942 കാർത്തികം 1<br>1st Karthika 1942 | നമ്പർ<br>No. | 2515 |

**ഫോറം നമ്പർ 7**

**(RFCT LARR ചട്ടം 18(1) കാണുക)**

**RFCT LARR ആക്ട് വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം**

നമ്പർ:DCTSR/3502/2018-E4 *തീയതി: 2020 ഒക്ടോബർ 16*

കേരള സർക്കാർ 04/12/2015 തീയതിയിലെ സർക്കാർ ഉത്തരവ്(അച്ചടി) നമ്പർ 649/2015/ആർ. ഡി. വിജ്ഞാപനപ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവഹിക്കുവാൻ (എൽ. എ) ജനറൽ സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും,

നിർദ്ദിഷ്ട ഏറ്റെടുക്കലിൽ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററായി ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടർ, തൃശ്ശൂരിനെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും,

ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊണ്ടാഴി – കുത്താമ്പുള്ളി പാലം അനുബന്ധ റോഡ് നിർമ്മാണത്തിനും ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കുമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാലും

ഇപ്പോൾ തൻമൂലം അതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11-ാം വകുപ്പ് (1)– ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നും വിലക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള ഭൂമിയിൽ തൽപ്പര കക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ, ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ ഇത് സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ(എൽ.എ) ജനറൽ, തൃശ്ശൂർ മുമ്പാകെ സമർപ്പിക്കാൻ തദനുസരണം ആവശ്യപ്പെട്ടുകൊള്ളുന്നു. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിലുള്ള താൽപ്പര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ ആക്ഷേപങ്ങൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സാമൂഹ്യ പ്രത്യാഘാതപഠന റിപ്പോർട്ട് സംഗ്രഹം താഴെ ചേർക്കുന്നു. ആയത് തൃശ്ശൂർ ജില്ലാ ഭരണകൂടത്തിന്റെ www.thrissur.nic.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**പട്ടിക**

*ജില്ല: തൃശ്ശൂർ* *താലൂക്ക്: തലപ്പിള്ളി*

(ഏകദേശ വിസ്തീർണം ചേർത്തിരിക്കുന്നു)

(എ) നഗരപ്രദേശത്തെ ഭൂമികൾ ഇല്ല

(ബി) ഗ്രാമപ്രദേശത്തെ വസ്തുക്കൾ

| *ക്രമ നമ്പർ* | *വില്ലേജ്* | *സർവെ നമ്പർ* | *ഭൂമിയുടെ തരം* | *വിസ്തീർണം (ഹെക്ടർ)* | *പൊതു ആവശ്യത്തിന്റെ സ്വഭാവം* | *ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം* | *ഉടമസ്ഥർ* |
|---|---|---|---|---|---|---|---|
| 1 | കൊണ്ടാഴി | 6/1 | പറമ്പ് | 0.0037 | | | വി. പി. വിലാസിനി, മംഗലത്ത് പാടത്ത് വീട് |
| 2 | കൊണ്ടാഴി | 18/1 | പറമ്പ് | 0.0667 | | | മാധവൻ. വി. പി. S/o ലക്ഷ്മിക്കുട്ടിയമ്മ, വടക്കെപാറമേൽ, |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | കൊണ്ടാഴി–കുത്താമ്പുള്ളി പാലം അനുബന്ധ റോഡ് നിർമ്മാണം | കൊണ്ടാഴി –കുത്താമ്പുള്ളി പാലം അനുബന്ധ റോഡ് നിർമ്മാണം | കൊണ്ടാഴി, നാരായണൻ. വി. പി., S/o ലക്ഷ്മിക്കുട്ടിയമ്മ, വടക്കെപാറമേൽ, കൊണ്ടാഴി, രാമനാരായണൻ. വി. പി. S/o ലക്ഷ്മിക്കുട്ടിയമ്മ, വടക്കെപാറമേൽ, കൊണ്ടാഴി, വിലാസിനി. വി. പി. S/o ലക്ഷ്മിക്കുട്ടിയമ്മ, വടക്കെപാറമേൽ, കൊണ്ടാഴി |
| 3 | കൊണ്ടാഴി | 18/4 | പറമ്പ് | 0.0398 | | | സത്യഭാമ മുതൽ പേർ, W/o തറയിൽ കീർത്തിയിൽ ചന്ദ്രൻ നായർ |
| 4 | കൊണ്ടാഴി | 18/5 | പറമ്പ് | 0.0011 | | | സത്യഭാമ മുതൽ പേർ, W/o തറയിൽ കീർത്തിയിൽ ചന്ദ്രൻ നായർ |
| 5 | കൊണ്ടാഴി | 20/1 | പറമ്പ് | 0.1186 | | | വി.പി. വിജയകുമാരി മുതൽ പേർ W/o നെട്ടാത്ത് അച്ചുതൻ, വടക്കെ പാറമേൽ, കൊണ്ടാഴി |
| 6 | കൊണ്ടാഴി | 20/2 | പറമ്പ് | 0.0337 | | | വി. പി. വിജയകുമാരി മുതൽ പേർ W/o നെട്ടാത്ത് അച്ചുതൻ, വടക്കെ പാറമേൽ, |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | കൊണ്ടാഴി, രാമചന്ദ്രൻ S/o രാമൻ മംഗലത്ത് പാടത്ത്, കൊണ്ടാഴി, മായന്നൂർ |
| 7 | കൊണ്ടാഴി | 20/5 | പറമ്പ് | 0.1285 | | | വി. പി. വിജയകുമാരി മുതൽ പേർ W/o നെട്ടാത്ത് അച്ചുതൻ, വടക്കെ പാറമേൽ, കൊണ്ടാഴി |
| 8 | കണിയാർ കോട് | 26/3 | പുരയിടം | 0.1697 | | | തങ്കമണി W/o തങ്കവേലു, കുഴിവെട്ടാരം, കുത്താമ്പുള്ളി |
| 9 | കണിയാർ കോട് | 27/1 | പുരയിടം | 0.0340 | | | തങ്കമണി W/o തങ്കവേലു, കുഴിവെട്ടാരം, കുത്താമ്പുള്ളി |
| 10 | കണിയാർ കോട് | 27/2 | പുരയിടം | 0.0998 | | | ആനന്ദൻ S/o കന്തപ്പ ചെട്ടിയാർ, കാർത്തികതിങ്കൾ, കുത്താമ്പുള്ളി |
| 11 | കണിയാർ കോട് | 29/1 | നിലം | 0.0888 | | | ആനന്ദൻ S/o കന്തപ്പ ചെട്ടിയാർ, കാർത്തികതിങ്കൾ, കുത്താമ്പുള്ളി |
| 12 | കണിയാർ കോട് | 30/1 | നിലം | 0.1130 | | | മോഹനൻ & ഭാര്യ പ്രേമലത S/o ബാലകൃഷ്ണൻ നായർ, കാഞ്ഞങ്ങാട്ട്, കുത്താമ്പുള്ളി |
| 13 | കണിയാർ | 31/4 | പുരയിടം | 0.0200 | | | വേലുക്കുട്ടി നായർ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | |
|---|---|---|---|---|---|---|---|
| | കോട് | | | | | | ഭാര്യ കമലം മുതൽ പേർ, പള്ളിപ്പെറ്റ, കുത്താമ്പുള്ളി |
| 14 | കണിയാർ കോട് | 32/2 | പുരയിടം | 0.0249 | | | ഭരതൻ. സി. ആർ S/o സി. സി. രാമസ്വാമി ചെട്ടിയാർ, കുത്താമ്പുള്ളി. പി. ഒ |
| 15 | കണിയാർ കോട് | 32/4 | പുരയിടം | 0.0346 | | | ഭരതൻ. സി. ആർ S/o സി. സി. രാമസ്വാമി ചെട്ടിയാർ, കുത്താമ്പുള്ളി. പി. ഒ |
| 16 | കണിയാർ കോട് | 32/5 | പുരയിടം | 0.0065 | | | പത്മകുമാർ മുതൽ പേർ S/o ദേവകിയമ്മ(late) & കൊച്ചുണ്ണി നായർ, പള്ളിപെറ്റ, കുത്താമ്പുള്ളി. പി. ഒ |
| 17 | കണിയാർ കോട് | 32/6 | പുരയിടം | 0.0230 | | | പത്മകുമാർ മുതൽ പേർ S/o ദേവകിയമ്മ(late) & കൊച്ചുണ്ണി നായർ, പള്ളിപെറ്റ, കുത്താമ്പുള്ളി. പി. ഒ |
| 18 | കണിയാർ കോട് | 33/1 | നിലം | 0.0115 | | | വേലുക്കുട്ടി നായർ ഭാര്യ കമലം മുതൽ പേർ, പള്ളിപ്പെറ്റ, കുത്താമ്പുള്ളി |
| 19 | കണിയാർ കോട് | 35/3 | പുരയിടം | 0.0560 | | | ആനന്ദൻ.കെ മുതൽ പേർ S/o |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | കന്തപ്പ ചെട്ടിയാർ, കുത്താമ്പുള്ളി. പി. ഒ |
| 20 | കണിയാർ കോട് | 35/4 | പുരയിടം | 0.0280 | | | ആനന്ദൻ.കെ മുതൽ പേർ S/o കന്തപ്പ ചെട്ടിയാർ, കുത്താമ്പുള്ളി. പി. ഒ |
| 21 | കണിയാർ കോട് | 35/5 | പുരയിടം | 0.0730 | | | ആനന്ദൻ.കെ മുതൽ പേർ S/o കന്തപ്പ ചെട്ടിയാർ, കുത്താമ്പുള്ളി. പി. ഒ |
| 22 | കണിയാർ കോട് | 175 | പുരയിടം | 0.1930 | | | ശിവാനന്ദൻ S/o വെള്ളിങ്കിരി, കുത്താമ്പുള്ളി ആർ.ചന്ദ്രശേഖരൻ S/o രാമസ്വാമി ചെട്ടിയാർ,വസന്തം, കുത്താമ്പുള്ളി, കന്തസ്വാമി, S/o കൃഷ്ണചെട്ടിയാർ, സായ്ദേവ, കുത്താമ്പുള്ളി, ഭരതൻ. സി. ആർ S/o സി.സി. രാമസ്വാമി ചെട്ടിയാർ, കുത്താമ്പുള്ളി |
| 23 | കണിയാർ കോട് | 176/1 | പുരയിടം | 0.2390 | | | ഭരതൻ. സി. ആർ S/o സി. സി. രാമസ്വാമി ചെട്ടിയാർ, കുത്താമ്പുള്ളി |
| | | | **ആകെ** | **1.6069** | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ, കൊണ്ടാഴി – കണിയാർകോട് വില്ലേജിൽ ഉൾപ്പെട്ട 1.6069 ഹെക്ടർ ഭൂമിയാണ് കൊണ്ടാഴി –കുത്താമ്പുള്ളി പാലം അനുബന്ധ റോഡ് നിർമ്മാണത്തിനായി ഏറ്റെടുക്കാൻ തീരുമനിച്ചിരിക്കുന്നത്. തിരുവില്വാമല പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡിന്റെ പരിധിയിലും കൊണ്ടാഴി പഞ്ചായത്തിലെ 4-ാം വാർഡിന്റെ പരിധിയിലുമാണ് പദ്ധതി വരുന്നത്. പ്രസ്തുത പദ്ധതിക്കായി ഇതര മാർഗ്ഗങ്ങളോ, സ്ഥലമോ ഇതിനേക്കാൾ അനുയോജ്യമായവ കണ്ടെത്താനായിട്ടില്ല. തിരുവില്വാമല – കൊണ്ടാഴി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൊണ്ടാഴി –കുത്താമ്പുള്ളി പാലം അനുബന്ധ റോഡ് പദ്ധതി നാടിന് ഏറെ ഉപകാരപ്രദമായ ഒന്നാണ്. വണ്ടി യാത്രക്കാർക്കും കാൽനട യാത്രക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട്, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിലേക്ക് കൃത്യ സമയത്ത് ആളുകൾക്ക് എത്തിച്ചേരാൻ കഴിയാതെ വരുന്നത് അടിയന്തിര ഘട്ടങ്ങളിൽ ആമ്പുലൻസ്, ഫയർ ഫോഴ്സ് തുടങ്ങിയവയുടെ സേവനം യഥാസമയം നൽകാൻ ഉള്ള ബുദ്ധിമുട്ട് എന്നിവയ്ക്ക് ഒരു വലിയ പരിഹാരമാണ് നിർദ്ദിഷ്ട പദ്ധതി.

കൊണ്ടാഴി –കുത്താമ്പുള്ളി പാലം അനുബന്ധ റോഡ് പൂർത്തിയാകുന്നതോടെ വിനോദസഞ്ചാരം, കൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകൾക്ക് വമ്പിച്ച പിന്തുണ ലഭ്യമാകുകയും ചുറ്റുപാടുമുള്ള ഗ്രാമങ്ങളുടെ സാമ്പത്തിക വളർച്ചക്ക് വളരെ സംഭാവന ചെയ്യുകയും, തദ്ദേശീയർക്ക് തൊഴിലവസരങ്ങൾ തുറന്നു കൊടുക്കുകയും ചെയ്യും. പദ്ധതി യാഥാർത്ഥ്യമാകുന്നതിലൂടെ ഇതര സ്ഥലങ്ങളിലേക്കുള്ള യാത്രാ സൗകര്യം മെച്ചപ്പെടുകയും യാത്ര എളുപ്പത്തിലാകുന്നതിനും സമയ ദൈർഘ്യം കുറയ്ക്കുന്നതിനും നിർദ്ദിഷ്ട പദ്ധതി അനിവാര്യമാണെന്നാണ് പൊതുജന അഭിപ്രായത്തിലൂടെയും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ വെളിവാക്കപ്പെടുന്നത്.

നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റേടുക്കേണ്ട ഭൂമി സ്വകാര്യ ഉടമസ്ഥതയിലുള്ളതും RFCT LARR Act, 2013 ലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. കൊണ്ടാഴി –കുത്താമ്പുള്ളി പാലം അനുബന്ധ റോഡിന്റെ അഭാവം നിമിത്തം ദൈനംദിനം കഷ്ടത അനുഭവിക്കുന്ന വാഹന യാത്രക്കാർ, പ്രദേശവസികൾ എന്നിവരെല്ലാം ഈ വികസന പദ്ധതി അത്യന്താപേക്ഷിതമാണെന്ന് കരുതുന്നവരാണ്. ഈ നിർമ്മാണ പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കി ഭൂമി വിട്ടു നല്കുന്നതിന് സമ്മതമുള്ളവരുമാണ്.

ചെലവുകൾക്കതീതമായ പദ്ധതി നേട്ടങ്ങൾ കണക്കിലെടുത്ത് പ്രത്യാഘാത ബാധിത കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെയും സമുചിത സർക്കാർ ഉത്തരവിന്റെയും പകർപ്പുകൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും, ആയതിന്റെ പകർപ്പുകൾ തൃശ്ശൂർ കളക്ടറേറ്റ്, സ്പെഷ്യൽ തഹസിൽദാർ, എൽ. എ. ജനറൽ, തൃശ്ശൂർ, തിരുവില്ല്വാമല ഗ്രാമപഞ്ചായത്ത് ഓഫീസ്, കൊണ്ടാഴി, കണിയാർകോട് വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ ലഭ്യമാണ്.

## വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ കൊണ്ടാഴി, കണിയാർകോട് വില്ലേജുകളിൽ കൊണ്ടാഴി –കുത്താമ്പുള്ളി പാലം അനുബന്ധ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനുമുള്ള അവകാശനിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏകദേശം 1.6069 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD റോഡ്സ് ഡിവിഷൻ, തൃശ്ശൂർ സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിച്ചതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനുമുള്ള അവകാശനിയമത്തിലെ ചട്ടം 18 പ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേക്കായി മാത്രം

*(ഒപ്പ്)*

*ജില്ലാ കളക്ടർ,*

*തൃശ്ശൂർ*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.10.23 02:42:19 +05:30